## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.**1943**. **17.06.2013**-ൽ മറുപടിയ്ക്ക്.

# ആദിവാസികളുടെ ചികിത്സാ ധനസഹായം

ചോദ്യം
ശ്രീ.മോൻസ് ജോസഫ്

ഉത്തരം
കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും വകുപ്പുമന്ത്രി.)

| ചോദ്യം | ഉത്തരം |
|---|---|
| എ) ആദിവാസികളുടെ ചികിത്സാ ധനസഹായത്തിന് അനുവദിക്കുന്ന പരമാവധി തുക എത്ര; | (എ) പട്ടികവർഗ്ഗ വികസന വകുപ്പ് പട്ടികവർഗ്ഗക്കാരുടെ ചികിത്സയ്ക്കു ധനസഹായം അനുവദിക്കുന്നത് രോഗത്തിന്റെ തീവ്രത കണക്കിലെടുത്താണ്. ക്യാൻസർ, ഹൃദയ ശസ്ത്രക്രിയ, വൃക്ക മാറ്റിവെയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരക രോഗങ്ങൾക്ക്, ചികിത്സയിലിരിക്കുന്ന ആശുപത്രിയിലെ ഡോക്ടറുടെ സർട്ടിഫിക്കറ്റ്, ചികിത്സയ്ക്കു വേണ്ടിവരുന്ന ചെലവ് സംബന്ധിച്ച് ആശുപത്രി അധികൃതർ നൽകുന്ന എസ്റ്റിമേറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ആശുപത്രിയ്ക്ക് 1 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നതാണ്. മറ്റ് രോഗങ്ങൾ ബാധിച്ച പട്ടികവർഗ്ഗക്കാർക്ക് രോഗത്തിന്റെ തീവ്രത അനുസരിച്ച് പരമാവധി 50,000/- രൂപ വരെ അനുവദിച്ചുവരുന്നു. കൂടാതെ സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്ക് സർക്കാർ ആശുപത്രികളിലും, സർക്കാർ സഹകരണ മെഡിക്കൽ കോളേജുകൾ, റീജിയണൽ ക്യാൻസർ സെന്റർ, |

മലബാർ ക്യാൻസർ സെന്റർ, ശ്രീ.ചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് എന്നിവിടങ്ങളിൽ സൗജന്യവും, സമ്പൂർണ്ണവുമായ ചികിത്സ ലഭ്യമാക്കുന്നുണ്ട്.

ബി) ഈ തുക ലഭിക്കുന്നതിനു വേണ്ടി ഹാജരാക്കേണ്ട രേഖകൾ എന്തൊക്കെ;

(ബി) ഇതിനായി താഴെപറയുന്ന രേഖകൾ ആവശ്യമാണ്.

(a) 1 ലക്ഷം രൂപ ലഭിക്കുന്നതിന് ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ചികിത്സയിലിരുന്ന/ചികിത്സിക്കുന്ന ആശുപത്രിയിലെ ഡോക്ടറുടെ സർട്ടിഫിക്കറ്റ്, ചികിത്സയ്ക്ക് വേണ്ടി വരുന്ന ചെലവു സംബന്ധിച്ച് ആശുപത്രി അധികൃതർ നൽകുന്ന എസ്റ്റിമേറ്റ് എന്നിവ ആവശ്യമാണ്.

കൂടാതെ, അപേക്ഷകന്റെ ജാതി, വരുമാന സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ സഹിതം നിശ്ചിത അപേക്ഷാ ഫാറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

b) സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം ചികിത്സ തേടിയെത്തുന്നവർ, ടിയാൾ പട്ടികവർഗ്ഗക്കാരനാണെന്ന് തെളിയിക്കുന്നതിന് താഴെ പറയുന്ന ഏതെങ്കിലും രേഖകൾ ആശുപത്രി അധികൃതർക്ക് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

(1) പട്ടികവർഗ്ഗ വികസന വകുപ്പ് വഴി നൽകുന്ന തിരിച്ചറിയൽ കാർഡ്.

(2) പ്രോജക്ടാഫീസർ/പട്ടികവർഗ്ഗ വികസന ആഫീസർ/ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർമാർ നൽകുന്ന സാക്ഷ്യപത്രം.

(3) റേഷൻ കാർഡ് - (എ.പി.എൽ/ബി.പി.എൽ വേർതിരിവ് തിരിച്ചറിയുന്നതിന്.)

(4) രോഗിയുടെ ചികിത്സാ ചെലവ് 10,000/- രൂപയ്ക്ക് മുകളിൽ വേണ്ടി വരുമ്പോൾ വരുമാന സർട്ടിഫിക്കറ്റ് നൽകിയാൽ മതിയാകും.

| | |
|---|---|
| (സി) തുക അനുവദിച്ചു കിട്ടുന്നതിന് കാലതാമസം എത്ര ദിവസമാണ്; ഈ തുക വാങ്ങേണ്ടത് എവിടെ നിന്നുമാണ്; ഹാജരാക്കേണ്ട തിരിച്ചറിയൽ രേഖകൾ ഏതെല്ലാ മെന്ന് വ്യക്തമാക്കുമോ; | (സി) (a) രേഖകൾ എല്ലാം ഉള്ളടക്കം ചെയ്തിട്ടുള്ളതും, മറ്റു ന്യൂനതകൾ ഇല്ലാത്തതുമായ അപേക്ഷകളിൽ സർക്കാർ നടപടി ക്രമങ്ങൾ പൂർത്തിയാക്കി ജില്ലാ ആഫീസർ മാർ മുഖേന ബന്ധപ്പെട്ട ട്രഷറിയിൽ നിന്നും ഡിമാന്റ് ഡ്രാഫ്റ്റായി തുക മാറി നൽകുന്നുണ്ട്. ജില്ലാതല ഓഫീസുകളിൽ നിന്നും ലഭിക്കുന്ന ശുപാർശമേൽ അപേക്ഷയിൽ ന്യൂനതകൾ ഒന്നുമില്ലെങ്കിൽ ഉടൻതന്നെ പട്ടികവർഗ്ഗ ഡയറക്ടറേറ്റിൽ നിന്നും തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. ജില്ലാ ആഫീസുകളിൽ ലഭിക്കുന്ന അപേക്ഷയിൽ അപ്പപ്പോൾതന്നെ ധനസഹായം അനുവദിക്കുന്നുണ്ട്.<br>അപേക്ഷകർ താമസിക്കുന്ന ജില്ലയിലെ ജില്ലാതല ഓഫീസുകളിൽ നിന്നാണ് തുക കൈപ്പറ്റേണ്ടത്.<br>(b) ഹാജരാക്കേണ്ട തിരിച്ചറിയൽ രേഖകൾ സംബന്ധിച്ച വിവരം ബി പിരിവിനുള്ള മറുപടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) ആദിവാസി ചികിത്സാ ധനസഹായത്തിനു നൽകുന്ന ആയുർവ്വേദ പാരമ്പര്യ വൈദ്യ ചികിത്സാ സർട്ടിഫിക്കറ്റുകൾക്ക് സർക്കാർ അംഗീകാരം നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഡി) ഇല്ല. |

**സെക്ഷൻഓഫീസർ**